# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

## HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

**11 FEBRUARY 2005**

## Surah Al-Hujurat:സൂറാ അൽ ഹുജ്ജുറാത്ത്

### PART - 1 /ഭാഗം-1

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം വിശുദ്ധഖുർആനിലെ സൂറാ അൽ ഹുജ്ജുറാത്തിൽ 5-ാം സൂക്തം ഓതി അതിന്റെ വിവർത്തനത്തോടെ പ്രസംഗം ആരംഭിച്ചു.

നീ (താമസിക്കുന്ന) മുറികളുടെ പിന്നിൽ നിന്ന് നിന്നെ ഉച്ചത്തിൽ വിളിക്കുന്നവരിൽ അധികം പേരും ബുദ്ധി ഉപയോഗിക്കാത്തവരാണ്. (അൽ ഹുജ്ജുറാത്ത്, 49:5)

തുടർന്ന് അദ്ദേഹം പറഞ്ഞു.

ഞാൻ ഇപ്പോൾ നിങ്ങൾക്ക് ഓതികേൾപ്പിച്ച ആയത്തിന്റെ വെളിച്ചത്തിൽ, വിശുദ്ധഖുർആനിലെ 49-ാം അധ്യായത്തിൽ ഉപയോഗിച്ചിരിക്കുന്ന 'ഹുജ്ജുറാത്ത്' എന്ന പദത്തെ വിശദീകരിക്കുകയാണ്. 'മുറി' എന്നർത്ഥം വരുന്ന 'ഹുജ്ജുറ' എന്ന അറബിക് പദത്തിന്റെ ബഹുവചന രൂപമാണ് 'ഹുജ്ജുറാത്ത്' വിശുദ്ധഖുർആനിൽ 'ഹുജ്ജുറാത്ത്' എന്ന പദം ഉപയോഗിച്ചിരിക്കുന്ന ഒരേയൊരു സ്ഥലം 'ഹുജ്ജുറാത്ത്' എന്ന 49-ാം അധ്യായത്തിലെ അഞ്ചാമത്തെ സൂക്തത്തിലാണ്. ഇവിടെ ഈ പദം തിരുനബി(സ)യുടെ ഭാര്യമാർ ഉപയോഗിച്ചിരുന്ന മുറികളെ സൂചിപ്പിക്കുന്നതിനുവേണ്ടിയാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ വാക്ക് ഈ അധ്യായത്തിൽ ഒരേയൊരു തവണ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത് എന്നതുകൊണ്ടുതന്നെയാണ് ഈ അധ്യായത്തിന് 'ഹുജ്ജുറാത്ത്' എന്ന പേര് നല്കിയിട്ടുള്ളത്.

വിശുദ്ധഖുർആന്റെ വിവിധ എഡിഷനുകളിൽ ഒരേ അധ്യായത്തിന് പല പേരുകൾ നല്കിയിരിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. ഉദാഹരണത്തിന്, വിശുദ്ധഖുർആൻ കോപ്പികൾ പ്രസിദ്ധീകരിക്കുന്ന ചില മുസ്ലിംകൾ, ഒൻപതാമത്തെ അധ്യായമായ 'അത്തൗബ'യ്ക്കു അൽ ബസ്റാ എന്ന പേര് നല്കിയിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് വിശുദ്ധഖുർആനിലെ എല്ലാ അധ്യായങ്ങളും തിരുനബി(സ)യാൽ അല്ല പേര് നല്കപ്പെട്ടത് എന്നാണ്. വാസ്തവത്തിൽ, ഇസ്ലാമിന്റെ പ്രാരംഭകാലഘട്ടത്തിൽ ഈ അധ്യായത്തിന് അൽ ഫദീഹാ, അൽ ബാഹുത്, അൽ മുഖ്സിവ, അൽ മുതീറാ, അൽ മുനാകിലാ തുടങ്ങിയ പേരുകൾ നല്കപ്പെട്ടിരുന്നു. ഈ പേരുകളൊന്നും തന്നെ പരസ്പരവിരുദ്ധങ്ങളോ, വിശുദ്ധഖുർആനിൽ എന്തെങ്കിലും മാറ്റങ്ങൾ കൊണ്ടു വരുന്നവയോ ആയിരുന്നില്ല. കാരണം തിരുനബി(സ)യുടെ സഹാബാക്കളോ, പിൽക്കാലത്ത് ഇസ്ലാമിലെ, നിയമശാസ്ത്രവിദഗ്ദ്ധരോ ആണ് വിശുദ്ധഖുർആനിലെ നിശ്ചിത അധ്യായങ്ങളെ തിരിച്ചറിയുന്നതിന് വേണ്ടി അനുയോജ്യമായ പേരുകൾ തെരെഞ്ഞെടുത്തത്. എന്നിരിക്കിലും ചില പ്രത്യേക അധ്യായങ്ങൾ തിരുനബി(സ) സവിശേഷതയുള്ളവയായി എടുത്തുകാണിക്കുകയും അവയ്ക്ക് അനുയോജ്യമായ പേരുകൾ നല്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന്, ഒന്നാമത്തെ അധ്യായവും സൂറ അൽ ഫാത്തിഹ എന്ന പേരിൽ അറിയപ്പെടുന്നതുമായ, ഈ അധ്യായം തിരുനബി(സ)മിക്കപ്പോഴും എടുത്തുകാട്ടിയിരുന്ന ഒന്നാണ്. ഈ അധ്യായത്തെ തിരുനബി(സ) ഫാത്തിഹ-അൽ-കിത്താബ്, ഉമ്മുൽ-കിത്താബ്, സൂറ അൽഹംദ് തുടങ്ങിയ പേരുകളാൽ വിളിച്ചിരുന്നു. ഈ തരത്തിലുള്ള പേരുകൾ അല്ലെങ്കിൽ തലക്കെട്ടുകൾ എല്ലാം തന്നെ ഒരു പ്രത്യേക അധ്യായത്തെ തിരിച്ചറിയുന്നതിനും അതിലെ പ്രധാന ആശയത്തെ ഓർമ്മിപ്പിക്കുന്നതിനും വേണ്ടിയുള്ളതാണ്. അല്ലാതെ ഈ പേരുകൾ വിശുദ്ധഖുർആൻ അവതരിച്ചപ്പോൾ അതോടൊപ്പം വെളിപ്പെട്ടു കിട്ടിയവയല്ല. അതുകൊണ്ടു തന്നെ ഈ പേരുകൾ വിശുദ്ധഖുർആന്റെ ഭാഗമായി കണക്കാക്കുവാനും സാധ്യവുമല്ല. ആ അർത്ഥത്തിൽ, ഈ വിവിധ പേരുകൾ വിശു

ഖുർആന്റെ പവിത്രതയെയൊ, ആധികാരികതയെയോ ഒരു തരത്തിലും ബാധിക്കുന്നില്ല. അൽ ഹുജുറാത്ത് എന്ന ഈ 49-ാം അധ്യായം അവതരിച്ചപ്പോൾ തന്നെ, വിശുദ്ധഖുർആനിൽ അതിന്റെ സ്ഥാനവും നിർണ്ണയിക്കപ്പെട്ടു കിട്ടിയിരുന്നു. തിരുനബി(സ)യുടെ സഹാബാക്കളിലെ ഇബ്നു അബ്ബാസ്, ഇബ്നു സുബൈർ, തുടങ്ങിയവരുടെ അഭിപ്രായമനുസരിച്ച്, ഈ അധ്യായം അവതരിച്ചത് ഹിജ്റാ ഒൻപതാം വർഷം, മദീനയിൽ വച്ചാണ്.

മദീനയിൽ വച്ച് അവതരിയ്ക്കപ്പെട്ട മറ്റ് അധ്യായങ്ങളെപ്പോലെ തന്നെ, അൽഹുജുറാത്ത്, എന്ന ഈ അധ്യായം സമൂഹത്തിലെ സമൂഹ്യബന്ധങ്ങളെ സൂചിപ്പിക്കുന്ന നിയമങ്ങൾ ഉൾക്കൊള്ളുന്നു. 58-ാം അധ്യായവും മദീനയിൽ വച്ചുതന്നെ അവതരിയ്ക്കപ്പെട്ടതുമായ അൽ മുജാദല ക്കു ശേഷമാണ് അൽഹുജുറാത്ത്, അവതരിയ്ക്കപ്പെട്ടതെങ്കിലും തിരുനബി(സ) അൽ ഫത്ഹ് എന്ന അധ്യായത്തിന് തൊട്ടുചേർന്ന് (48-ാം അധ്യായം) തന്നെ ഈ അധ്യായം നല്കണമെന്ന് പ്രത്യേകം നിർദ്ദേശിച്ചിരുന്നു. തിരുനബി(സ) അല്ലാഹുവിൽ നിന്നും ജിബ്രീൽ (അ) ലൂടെ ലഭിക്കുന്ന പ്രത്യേക കല്പനകൾക്കും, നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് വിശുദ്ധഖുർആൻ ക്രോഡീകരിച്ചിരുന്നത്. അതു വഴി അല്ലാഹുവിന്റെ പക്കലുള്ള വിശുദ്ധഖുർആനുമായി സാദൃശപ്പെടുത്തുന്നതിന് തിരുനബി(സ)ക്ക് സാധിക്കുകയും ചെയ്തു. ഈ തരംതിരിക്കൽ നമുക്ക് ഖുർ ആൻ പാരായണവും, ഹൃദിസ്ഥമാക്കലും എളുപ്പമാക്കുകയും ചെയ്തു. അതിന്റെ ഫലമായി, നമുക്ക് മദീനയിൽ അവതരിയ്ക്കപ്പെട്ട അധ്യായത്തിൽ മക്കയിൽ അവതരിയ്ക്കപ്പെട്ട സൂക്തങ്ങളും, മക്കയിൽ അവതരിയ്ക്കപ്പെട്ട അധ്യായത്തിൽ മദീനയിൽ അവതരിയ്ക്കപ്പെട്ട സൂക്തങ്ങളും വന്നിരിക്കുന്നത് കാണാവുന്നതാണ്.

പൊതുവിൽ, തിരുനബി(സ) യും അദ്ദേഹത്തിന്റെ സ്വഹാബാക്കളും അവരുടെ ജീവിതത്തിൽ നേരിടേണ്ടി വന്ന പ്രത്യേക സാഹചര്യങ്ങൾക്ക് അനുസരിച്ചാണ് ആയത്തുകൾ (സൂക്തങ്ങൾ) അവതരിയ്ക്കപ്പെട്ടത്. അതുകൊണ്ടു തന്നെ കാലമേതു

തന്നെ ആയിരുന്നാലും, സൂക്തങ്ങളുടെ പ്രസക്തി ഒരിയ്ക്കലും മങ്ങുകയേയില്ല. കാരണം ഓരോ കാലഘട്ടത്തിലും മനുഷ്യർ കട ന്നുപോകുന്ന സാഹചര്യങ്ങൾ മാറ്റമില്ലാതെ തുടർന്നുകൊണ്ടിരിക്കും–ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കും.

അവതരിയ്ക്കപ്പെട്ട വർഷങ്ങളുടെ ക്രമത്തിൽ അവ ക്രോഡീകരിയ്ക്കുമ്പോൾ അവ പാരായണം ചെയ്യുന്നവരിൽ വിരസത അനുഭവപ്പെടാനുള്ള പ്രവണത കാട്ടും, മറിച്ച്, അവ ഇടകലർത്തി ക്രോഡീകരിയ്ക്കുമ്പോൾ അല്ലാഹു വിശുദ്ധഖുർആനിലൂടെ നല്കുവാനുദ്ദേശിച്ച സന്ദേശങ്ങളുടെ ഒരു പൂർണ്ണ ചിത്രം ലഭിയ്ക്കുകയും ചെയ്യും.

### 49-ാം അധ്യായമായ അൽഹുജുറാത്ത് അവതരിക്കപ്പെടാനിടയായ പശ്ചാത്തലം

ഹിജ്റാ-8-ാം വർഷത്തിൽ നടന്ന മക്ക കീഴടക്കൽ (മക്ക വിജയം) -ലിനു ശേഷം, മക്കയുടെ പ്രാന്തപ്രദേശങ്ങളിൽ താമസിച്ചിരുന്ന ബദവി ഗോത്രക്കാർ തിരുനബി(സ)യിൽ ബൈഅത്ത് ചെയ്തു ഇസ്ലാമിൽ പ്രവേശിക്കുന്നതിനായി തങ്ങളിൽ നിന്നുള്ള പ്രതിനിധികളെ അയച്ചു. അങ്ങനെ അവർ തങ്ങളുടെ ഗോത്രങ്ങളെയും പ്രതിനിധീകരിച്ച് ഇസ്ലാം മതം സ്വീകരിക്കുകയും ചെയ്തു. അതിനാൽ തന്നെ, ഹിജ്റ 9-ാം വർഷം പൊതുവിൽ പ്രതിനിധി സംഘങ്ങളുടെ വർഷം എന്നാണ് അറിയപ്പെട്ടത്. പക്ഷേ, ഈ പ്രതിനിധികൾ തിരുനബി(സ)യോട് അവരുടെ സ്വതസിദ്ധമായ പരുക്കൻ ശൈലിയിലാണ് ഇടപ്പെട്ടിരുന്നത്. സാംസ്ക്കാരിക നിലവാരം കുറഞ്ഞ രീതിയിലുള്ള ജീവിത ചുറ്റുപാടുകളിൽ മരുഭൂമിയിൽ ജീവിച്ചിരുന്ന ബദവികളുടെ, തിരുനബിയോടുള്ള മാന്യതയില്ലാത്ത പെരുമാറ്റം അല്ലാഹുവിന് തൃപ്തികരമായി തോന്നിയില്ല. അതിനാൽ ബദവികളെ താക്കീതു നല്കുന്നതിനും അല്ലാഹു (ത) മുസ്ലിംകൾക്ക് പ്രത്യേകിച്ചും, മാനവരാശിക്ക് പൊതുവേയും പാലിക്കേണ്ട സദാചാരശീല തത്വങ്ങൾ അടങ്ങിയ ഈ അധ്യായം അവതരിപ്പിച്ചു.

അൽ ഹുജുറാത്തിൽ അവതരിപ്പിച്ചിരിക്കുന്ന സദാചാരശീ

ലങ്ങളെ താഴെ പറയുംവിധം സംക്ഷിപ്തപ്പെടുത്താം.

1. അല്ലാഹുവും, അവന്റെ പ്രവാചകനും സംബന്ധമായി, മനുഷ്യനെ ബാധിക്കുന്ന ഏതു സംഗതിക്കും, പരിഹാരനിർദ്ദേശത്തിന് ആധാരമാക്കേണ്ട അടിസ്ഥാന പ്രമാണങ്ങൾ വിശുദ്ധ ഖുർആനും തിരുസുന്നത്തും (പ്രവാചകചര്യ) ആയിരിക്കണം. കാരണം അവ സത്യത്തെയും അസത്യത്തെയും വേർതിരിച്ചു കാട്ടുന്ന അടിസ്ഥാന മാനദണ്ഡങ്ങളാകുന്നു.
2. വിശുദ്ധഖുർആനിലെ അധ്യാപനങ്ങളോടും, തിരുസുന്നത്തിനോടും മനുഷ്യർ (വിശ്വാസികൾ) സമ്പൂർണ്ണ അനുസരണം പുലർത്തണം. സ്വഭാവ മഹിമയുടെ സ്രോതസ്സും, ഇസ്ലാമിന്റെ ആണിക്കല്ലുമായ തഖ്വ (ദൈവഭക്തി)യുടെ അടയാളമാണ് അനുസരണം പുലർത്തൽ.
3. ഒന്നാമത്തെ സൂക്തത്തിൽത്തന്നെ അല്ലാഹു പറയുന്നു. വിശ്വസിച്ചവരേ, അല്ലാഹുവിന്റേയും, അവന്റെ ദൂതന്റേയും മുന്നിൽ നിങ്ങൾ ധാർഷ്ട്യം കാണിക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനും ആകുന്നു. ഈ സൂക്തത്തിൽ ഒരു വിശ്വാസി അല്ലാഹുവിനോടും അവന്റെ ദൂതനോടും എത്ര ആദരവോടെയാണ് പെരുമാറേണ്ടത് എന്ന് വിശദമാക്കുന്നു. വിശുദ്ധഖുർആനും, തിരുസുന്നത്തിനും ഘടകവിരുദ്ധമായി വരാത്ത അവരുടെ തീരുമാനങ്ങളെ ഒരു ആശങ്കയും കൂടാതെ പാലിയ്ക്കപ്പെടണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.
4. അല്ലാഹു വിശ്വാസികൾക്ക് തിരുനബി(സ)യോട് സംസാരിയ്ക്കുകയും, പെരുമാറുകയും ചെയ്യേണ്ട വിധം വിശദമാക്കുന്നു. വിശ്വാസികളോട് അവരുടെ ശബ്ദങ്ങൾ പ്രവാചകന്റെ ശബ്ദത്തിനു മീതെ ഉയർത്തരുത് എന്ന് പറയുന്നു. അവർ പരസ്പരം ഉച്ചത്തിൽ സംസാരിക്കുന്നതുപോലെ അദ്ദേഹത്തോട് ഉച്ചത്തിൽ സംസാരിക്കരുത് എന്നും അല്ലാഹു അവരെ പഠിപ്പിക്കുന്നു. അങ്ങനെ ചെയ്യുക വഴി അവരറിയാതെ അവരുടെ സത്കർമ്മങ്ങൾ പാഴായിപ്പോകുമെന്നും അവരെ ഓർമ്മിപ്പിക്കുന്നു. അല്ലാഹുവിന്റെ പ്രവാചകനോട് അങ്ങേയറ്റം ആദരവോടെ പെരുമാറണമെന്നും, അദ്ദേഹത്തോട് സംസാരിക്കുമ്പോൾ തങ്ങ

ളുടെ ഒച്ച കുറയ്ക്കണമെന്നും അല്ലാഹു പറയുന്നു. അങ്ങനെ അല്ലാഹുവിന്റെ ദൂതന്റെ അടുക്കൽ വെച്ച് ശബ്ദം താഴ്ത്തുന്നവരുടെ ഹൃദയങ്ങളെ ഭക്തിക്കായി അല്ലാഹു പരീക്ഷിച്ച് അംഗീകരിച്ചിരിക്കുന്നു. അവർക്ക് പാപമോചനവും മഹത്തായ പ്രതിഫലവുമുണ്ട്.

5. വിശ്വാസികൾ ആചാരമര്യാദകൾ പാലിയ്ക്കണമെന്ന് അൽഹുജുറാത്ത് വിശദമാക്കുന്നു. നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ, ആതിഥേയരെ ഒരുവിധത്തിലും ബുദ്ധിമുട്ടിയ്ക്കരുത്. ഒരാൾ മറ്റൊരാളെ സന്ദർശിക്കുമ്പോൾ ആ വീടിന്റെ മുൻവാതിലിൽ 3 തവണ മുട്ടിവിളിച്ചിട്ടും തുറക്കുന്നില്ലെങ്കിൽ തിരികെ പോവുക.
6. വിശ്വാസിക്കുണ്ടായിരിക്കേണ്ട നല്ല ഗുണങ്ങളിൽ ഒന്ന് ക്ഷമയാകുന്നു. കാരണം ജീവിത പ്രതിസന്ധികളിൽ വിജയം വരിക്കാൻ സഹായിക്കുന്ന ഏറ്റവും നല്ല ആയുധം ക്ഷമയത്രേ.
7. ദുർവാശ്ശിയായ ഏതെങ്കിലുമൊരാൾ മുഖേന കിട്ടുന്ന വിവരം ശരിയായി അന്വേഷിച്ച് ബോധ്യപ്പെട്ടതിനു ശേഷം മാത്രമേ അതു സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാവൂ. ഇത് തെറ്റായ തീരുമാനമെടുത്ത് ഭാവിയിൽ അതിനെപ്പറ്റി ഖേദിയ്ക്കാതിരിക്കുന്നതിനു വേണ്ടിയാണ്. അല്ലാഹു സൂക്തം 7ൽ ഇപ്രകാരം പറയുന്നു.

   വിശ്വസിച്ചവരേ, ദുർമാർഗ്ഗിയായ ഒരാൾ ഏതെങ്കിലും സുപ്രധാന വാർത്തയുമായി നിങ്ങളുടെയടുക്കൽ വന്നാൽ അതിന്റെ (യാഥാർത്ഥ്യം) നിങ്ങൾ ശരിക്കും അന്വേഷിച്ചറിയുക; അറിയാതെ ഒരു ജനതയെ നിങ്ങൾ പീഡിപ്പിക്കുകയും, എന്നിട്ട് നിങ്ങൾ ചെയ്ത കൃതത്തിൽ ഖേദിക്കുന്നവരാകുകയും ചെയ്യാതിരിക്കാൻ വേണ്ടി.
8. ഇസ്ലാമിന്റെ സന്ദേശം മുഴുവനും കൊണ്ടാണ് ഹസ്രത്ത് മുഹമ്മദ് നബി(സ) നമ്മളിലേക്ക് നിയോഗിക്കപ്പെട്ടത് എന്ന് അല്ലാഹു നമുക്ക് വിശദമാക്കിതന്നിരിക്കുന്നു. തന്റെ സഹാബാക്കൾക്കും, ലോകമുസ്ലിംകൾക്കും എന്താണ് ഏറ്റവും അനുയോജ്യം എന്ന് തിരുനബി(സ) ക്ക് വ്യക്തമായി അറിയാമായി

രുന്നു. അതിനാൽ മതത്തിലേക്ക് പുതുതായി എന്തെങ്കിലും കൂട്ടിച്ചേർക്കാനുള്ള മനുഷ്യന്റെ ത്വരമാറ്റേണ്ടതാണ്. കാരണം അങ്ങനെ കൂട്ടിച്ചേർക്കലുകൾ നടത്തുന്ന ആൾ തിരുനബി(സ) യേക്കാൾ പണ്ഡിതനാണ് താൻ എന്ന് കരുതിത്തുടങ്ങും.

9. മാർഗ്ഗദർശനം ലഭിയ്ക്കപ്പെട്ടവർ അല്ലാഹുവിൽ നിന്നുള്ള പ്രത്യേക പരിഗണനകൾ ലഭിച്ചവരാണ്. അത്തരം ആൾക്കാരെ അവൻ ഇസ്ലാമിനോട് അഗാധസ്നേഹമുള്ളവരും, അല്ലാഹുവിനോട് അനുസരണ പുലർത്താത്തവരോട് വെറുപ്പ് പ്രകടിപ്പക്കുന്നവരും ആക്കി മാറ്റുന്നു. ഈ രണ്ട് സ്വഭാവസവിശേഷതകളാണ് അവരെ പരസ്പരപൂരകങ്ങളാക്കി നിലനിർത്തുന്നത്.

10. മുസ്ലിംകൾ തമ്മിൽ യുദ്ധത്തിൽ (തർക്കത്തിൽ) ഏർപ്പെട്ടാൽ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കണം. എന്നാൽ അവരിലൊരു വിഭാഗം രഞ്ജിപ്പിനു തയാറാകാതെ വന്നാൽ, ആക്രമിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കല്പനയിലേക്ക് മടങ്ങുന്നതുവരെ യുദ്ധം ചെയ്യും. അങ്ങനെയവർ മടങ്ങിയാൽ അവർക്കിടയിൽ നീതിപൂർവ്വം രഞ്ജിപ്പുണ്ടാക്കുക.

11. സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങളാണ്. അവർ തങ്ങളുടെ ഇടപാടുകളിലെല്ലാം ഈ നിയമം പാലിക്കേണ്ടതും, പരസ്പര സംശയം, വിദ്വേഷം, വെറുപ്പ്, കുശുമ്പ്, ചാരവൃത്തി, പരദൂഷണം പരിഹസിക്കൽ തുടങ്ങിയ നീചശീലങ്ങളിൽ നിന്നും വിട്ടു നില്ക്കേണ്ടതുമാണ്. കാരണം ആരെങ്കിലും ഇത്തരം ദുശ്ശീലങ്ങളിൽ നിന്നും വിട്ടുനില്ക്കുന്നില്ലെങ്കിൽ– അവൻ ഇസ്ലാമിൽപെട്ടവനല്ല. കാരണം അല്ലാഹു ഇത്തരം ദുശ്ശീലങ്ങളെ ഇഷ്ടപ്പെടുന്നില്ല. അതവൻ നിങ്ങൾക്ക് വിലക്കുകയും ചെയ്തിരിക്കുന്നു. പരസ്പരം സാഹോദര്യബന്ധം പുലർത്താത്തവർ അല്ലാഹുവിൽ വിശ്വസിക്കുന്നവരല്ല. ഒരാൾ അല്ലാഹുവിൽ വിശ്വസിക്കുന്നു എന്നു പറയുന്നുവെങ്കിൽ, അവൻ തീർച്ചയായും അല്ലാഹുവിന്റെ കല്പനകളെ അനുസരിയ്ക്കണം.

12. മനുഷ്യർക്കിടയിൽ നിലനില്ക്കുന്ന സാഹോദര്യബന്ധം ആദമിന്റെയും ഹവ്വയുടേയും കാലം മുതൽ തുടർന്നു വരുന്ന ഒന്നാണ്. വംശങ്ങൾക്കിടയിലും, രാഷ്ട്രങ്ങൾക്കിടയിലും ഗോത്രങ്ങൾക്കിടയിലും ഒക്കെത്തന്നെ വ്യത്യാസങ്ങൾ ഉണ്ട്. പക്ഷേ,

അവർ ഈ വ്യത്യാസങ്ങളെ തങ്ങളുടെ പരമാധികാരത്തെ കാട്ടാനോ, മറ്റുള്ളവരെ മോശപ്പെടുത്താനോ ഉപയോഗിക്കാൻ പാടുള്ളതല്ല. അതെല്ലാം തന്നെ അല്ലാഹു താനുദ്ദേശിച്ച വിധമുള്ള വിവിധതരം ആളുകളെയും, സംസ്ക്കാരങ്ങളെയും രൂപപ്പെടുത്തുന്നതിനു വേണ്ടി മാത്രമുള്ളതാണ്. അതുവഴി മനുഷ്യർക്ക് പരസ്പരം പരിചയപ്പെടുന്നതിന്.

13. അല്ലാഹുമായി അടുത്തബന്ധം പുലർത്തുന്നവരെ തിരിച്ചറിയുവാനുള്ള ഒരേയൊരു അടയാളം അവരുടെ തഖ്വയാണ് (ഭയ ഭക്തി) ആരാണ് അല്ലാഹുമായി ഏറ്റവും അടുത്തവൻ എന്ന് അറിയുന്നവൻ അല്ലാഹു മാത്രമാകുന്നു.

14. യഥാർത്ഥ വിശ്വാസി (ഈമാൻ ഉള്ളആൾ) എന്നത് അല്ലാഹുവിന്റെ ഏകത്വത്തിൽ അടിയുറച്ച് വിശ്വസിക്കുകയും, അണുകിടതെറ്റാതെ തിരുനബി(സ)ടുടെ ചര്യയെ പിൻപറ്റുകയും ചെയ്യുന്ന ആളാണ്. അങ്ങനെയുള്ള ആൾക്കാർ തങ്ങളുടെ ധനം കൊണ്ടും, ജീവൻ കൊണ്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവന്റെ തൃപ്തി മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവരത്രേ.

15. ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദ് റസൂലുല്ലാഹ് എന്ന് ചൊല്ലിക്കൊണ്ട് നടന്നാൽ മാത്രം ഒരാൾ ഭക്തിയുടെ ഉത്തുംഗ ശൃംഖലയിൽ എത്തുകയില്ല. അത് പരിശുദ്ധമായ ഹൃദയത്തോടെ ജീവിതപ്പരീക്ഷകളെ നേരിടുന്നവർക്ക് പറഞ്ഞിരിക്കുന്ന ഒന്നാണ്.

16. ഒരാൾ ഇസ്ലാമിക സന്ദേശം പ്രചരിപ്പിക്കുകയോ, അല്ലെങ്കിൽ ഒരാൾ ഇസ്ലാം മതം സ്വീകരിക്കുന്നതിന് കാരണക്കാരനാവുകയോ ചെയ്യുമ്പോൾ, ഇസ്ലാം മതം സ്വീകരിച്ചവൻ താൻ മറ്റെയാൾക്ക് വേണ്ടി ഒരു ഔദാര്യം ചെയ്യുകയാണ് എന്ന് വിചാരിക്കാൻ പാടുള്ളതല്ല. മറിച്ച്, രണ്ടാമൻ, ഇസ്ലാം മതം സ്വീകരിക്കുക വഴി നേട്ടം സ്വീകരിക്കുകയാണ് ചെയ്യുന്നത്. അതായത് ഇസ്ലാമിലേക്ക് വന്ന ആളിന് യഥാർത്ഥത്തിൽ അല്ലാഹുവിൽ നിന്നുള്ള ഔദാര്യങ്ങൾ ലഭിക്കുകയാണ് ചെയ്യുന്നത്. അല്ലാഹു സൂക്തം 18ൽ പറയുന്നു. തങ്ങൾ മുസ്ലിം ആയിരിക്കു

ന്നുവെന്ന കാര്യം ഒരു ഔദാര്യമായി അവർ നിന്നോട് എടുത്തുപറയുന്നു, പറയുക, നിങ്ങൾ ഇസ്ലാം മതം സ്വീകരിച്ചിരിക്കുന്നുവെന്നത് എനിക്ക് ചെയ്തു തന്ന ഒരു ഔദാര്യമായി കരുതേണ്ട: മറിച്ച്, നിങ്ങൾ സത്യവാന്മാരാണെങ്കിൽ, നിങ്ങളെ സത്യവിശ്വാസത്തിലേക്ക് അല്ലാഹു നയിച്ചിരിക്കുന്നുവെന്ന കാര്യം അവൻ നിങ്ങളോട് ചെയ്ത ഔദാര്യമാണ് (എന്ന് മനസ്സിലാക്കുക)

17. അല്ലാഹുവിനു മാത്രമാണ് മനുഷ്യർക്ക് മാർഗ്ഗദർശനം നല്കുവാൻ സാധിക്കുക. ആയതിനാൽ, മുസ്ലിംകളുടെ ദൗത്യം, മറ്റുള്ളവരിലേക്ക് ഇസ്ലാമിക സന്ദേശം എത്തിക്കുക എന്നതുമാത്രമാണ്.

18. അല്ലാഹു(ത) 19-ാമത്തെ സൂക്തത്തിൽ ഇപ്രകാരം പറയുന്നു; തീർച്ചയായും അല്ലാഹു ആകാശങ്ങളിലും ഭൂമിയിലുമുള്ള രഹസ്യം അറിയുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തും അല്ലാഹു കണ്ടുകൊണ്ടിരിക്കുന്നവനാണ്. അദൃശ്യമായിട്ടുള്ളതും, മനുഷ്യന്റെ വിധിയും ഒക്കെ നന്നായി അറിയുന്നവൻ അല്ലാഹു മാത്രമാണ്. അതിനാൽ എല്ലാ തരത്തിലുള്ള പ്രവചനങ്ങളും (മനുഷ്യമനസ്സിന്റെ ഊഹങ്ങളാണവ) ജ്യോതിഷവും ഇസ്ലാമിൽ വിലക്കപ്പെട്ടിരിക്കുന്നു.

നമ്മെ എല്ലാവരെയും അല്ലാഹു(ത) നേർവഴിയിൽ നയിക്കട്ടെ! ആമീൻ!



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*